(സി) ഇത്തരം ഹോസ്റ്റലുകൾ അന്തേവാസികളെ പ്രത്യേകിച്ച് സ്ത്രീകളെ ചൂഷണം ചെയ്യും വിവിധ നിരക്കിലുള്ള വാടക ഈടാക്കിയും ബുദ്ധിമുട്ടിക്കാറുണ്ടെന്നുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സ്വകാര്യ ഹോസ്റ്റലുകൾക്കെതിരെ പരാതിപ്പെടുന്ന അന്തേവാസികളെ പുറത്താക്കുന്ന സമീപനം പല ഹോസ്റ്റലുകളും സ്വീകരിക്കുന്നതിനാൽ പരാതിക്കാർക്ക് സംരക്ഷണം ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത്തരം ഹോസ്റ്റലുകളെ നിയന്ത്രിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചിട്ടില്ല.

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

ജെൻഡർ പോളിസി

260 (4304) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജെൻഡർ പോളിസി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ നയം നടപ്പാക്കുന്നതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) സ്ത്രീ സമത്വ ശാക്തീകരണത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) പ്രസ്തുത നയം നടപ്പാക്കാനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ നയം നടപ്പിലാക്കുന്നതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ താഴെപ്പറയുന്നു :

1. എല്ലാ അതിക്രമങ്ങളിൽ നിന്നും, വിശിഷ്യാ ലിംഗാധിഷ്ഠിത അതിക്രമങ്ങളിൽ നിന്നും സംരക്ഷണവും മോചനവും ഉറപ്പാക്കുക.

2. സ്ത്രീകൾക്ക് ജീവനോപാധികൾക്കുള്ള അവകാശത്തിനായി അവരുടെ കഴിവുകളിലും വിജ്ഞാന ഉറവിടത്തിന്റെ മേലിലും ഉടമസ്ഥാവകാശവും നിയന്ത്രണവും ബാധ്യതയും ഉറപ്പാക്കി നിർഭയമായി ജോലി ചെയ്യുന്നതിന് സാമൂഹ്യസംരക്ഷണം ഉറപ്പാക്കുകയും തുല്യഅവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.

(സി) സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളിലും സാമൂഹ്യ-രാഷ്ട്രീയ രംഗത്തും, സാമ്പത്തികമായ വിഷയങ്ങളിലും സ്ത്രീകളുടെ അഭിപ്രായങ്ങൾക്കും തീരുമാനത്തിനും തുല്യ അംഗീകാരം നൽകുക, ലിംഗസമത്വം എല്ലാ മേഖലകളിലും കൊണ്ടുവരിക എന്നീ കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) നയം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുകളും ഒരു ജെൻഡർ ആക്ഷൻ പ്ലാൻ തയ്യാറാക്കി, അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തുകയും നോഡൽ ഡിപ്പാർട്ട്മെന്റ് എന്ന നിലയിൽ സാമൂഹ്യനീതിവകുപ്പ് ടി പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയുമാണ് ചെയ്യുന്നത്. എൻ.എസ്സ്.എസ്സ്./ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളിലെ കുട്ടികളെ ഉൾപ്പെടുത്തി ലിംഗാധിഷ്ഠിത ആക്രമണം തടയുന്നതിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി ആയതിന്റെ ആദ്യഘട്ട പ്രവർത്തനം ഫിഷറീസ് വകുപ്പുമായി ചേർന്ന് തീരദേശ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേക്കുള്ള നിയമനം

261 (4305) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാമൂഹ്യനീതിവകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ (സി.ഡി.പി.ഒ.) തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന്റെയും പ്രൊമോഷൻ വഴിയുള്ള നിയമനത്തിന്റെയും അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ;